**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3594.** **12.05.2017 ൽ മറുപടിയ്ക്ക്**

**പള്ളൂരിൽ നിന്നും വിദേശ മദ്യം കടത്തുന്നത് തടയുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഇ.കെ.വിജയൻ | | ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ദേശീയ പാതയിലെ മദ്യ നിരോധനം മൂലം പള്ളൂരിൽ നിന്നും വിദേശ മദ്യം കോഴിക്കോട് ജില്ലയിലേക്കും മറ്റും കടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത് തടയുന്നതിനായി പുതുതായി എന്തെല്ലാം സംവിധാനം ഒരുക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ; | (ബി) | പള്ളൂരിൽ നിന്നും വിദേശ മദ്യം കോഴിക്കോട് ജില്ലയിലേക്കും മറ്റും കടത്തുന്നത് തടയുന്നതിന് ഈ മേഖലയിൽ എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തമാക്കിയിട്ടുള്ളതാണ്. ഇതിന്റെ ഭാഗമായി നിരന്തരം റെയ്ഡുകളും നിരീക്ഷണങ്ങളും വാഹന പരിശോധനയും നടത്തി വരുന്നതും 24 മണിക്കൂറും പ്രവർത്തിക്കുന്ന ബോർഡർ പട്രോളിംഗ് യൂണിറ്റിനെ നിയോഗിച്ചിട്ടുള്ളതുമാണ്. ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ് വിഭാഗങ്ങളും പ്രത്യേക പരിശോധനകളും നിരീക്ഷണങ്ങളും നടത്തി വരുന്നുമുണ്ട്. |
| (സി) | പള്ളൂരിൽ നിന്നും വിദേശ മദ്യം കോഴിക്കോട് ജില്ലയിലേക്ക് കടത്തിയതിന് എത്ര കേസുകൾ രജിസ്റ്റർ ചെയിതിട്ടുണ്ടെന്ന് വിശദമാക്കുമോ ? | (സി) | പള്ളൂരിൽ നിന്നും വിദേശ മദ്യം കോഴിക്കോട് ജില്ലയിലേക്ക് കടത്തിയതിന് 2017 ഏപ്രിൽ മാസത്തിൽ എക്സൈസ് വകുപ്പ് 10 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**